പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 10/12/2018-ൽ

നിയമസഭാ ചോദ്യം നം.3246 മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കായുള്ള മിഷൻ മോഡ് പ്രോജക്ട് ആയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി നാളിതുവരെ ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച് വിശദമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെ, ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂളെന്ന കണക്കിൽ സ്കൂളുകളുടെ പുനരുദ്ധാരണത്തിനായി 141 സ്കൂളുകളേയും , കിഫ്ബിയുടെ 3 കോടി ധനസഹായത്തോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളെ തെരഞ്ഞെടുത്ത് അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികളും നടന്നു വരുന്നു. 200 സാധ്യായ ദിനങ്ങൾ ഉറപ്പു വരുത്തുന്നതിനായി നഷ്ടപ്പെട്ട പഠനദിനങ്ങൾ പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു. അക്കാദമിക മികവ് കൈവരിക്കുന്നതിനായി 'വിഷൻ 100' എന്ന ആശയം മുന്നോട്ട് വച്ച് പൊതുവിദ്യാഭ്യാസ വകുപ്പ്, വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതിന്റെ ഭാഗമായി അക്കാദമിക മാസ്റ്റർ പ്ലാൻ എല്ലാ സ്കൂളുകളിലും നടപ്പാക്കി, പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണപദ്ധതി രൂപീകരണത്തിന്റെ സ്കൂൾതല |

പൂർത്തീകരണം പൂർണ്ണമായി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളും അഞ്ച് പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്. പഠന പിൻതുണ ആവശ്യമായ കുട്ടികൾക്ക് 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോമിൽ ഭാഷാശേഷി വികസനത്തിനുള്ള പ്രവർത്തനങ്ങളും ; ശാസ്ത്രം, ഗണിതം തുടങ്ങിയ വിഷയങ്ങളിൽ മുഴുവൻ കുട്ടികൾക്കും ഉയർന്നശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ഇപ്രകാരം ഹയർ സെക്കന്ററിയിലും, വൊക്കേഷണൽ ഹയർ സെക്കന്ററിയിലും പ്രത്യേകം പ്രത്യേകം പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ ശാസ്ത്രപാർക്ക്, 'സുരീലിഹിന്ദി', 'ഗണിത വിജയം', 'മലയാളത്തിളക്കം', 'ടാലന്റ് ലാബ്', 'കുഞ്ഞുവായന'-'കുത്തെഴുത്ത്', കൂടാതെ ജൈവവൈവിധ്യ പാർക്ക്, ഓട്ടിസം പാർക്ക് എന്നിവയും നടപ്പാക്കി വരുന്നു. ഹൈസ്കൂൾ ഹയർസെക്കന്ററി തലങ്ങളിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങളും ലൈബ്രറി, ലബോറട്ടറി തുടങ്ങിയ സൗകര്യങ്ങളും യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

| | | | |
|---|---|---|---|
| (ബി) | **പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെയും , താത്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെയും എണ്ണം വ്യക്തമാക്കുമോ ;** | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായ കേരള എഡ്യൂക്കേഷൻ മിഷനിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ എണ്ണം - 18 ആണ്. (ജില്ലാ കോ-ഓർഡിനേറ്റർമാർ - 14, മിഷൻ അണ്ടർ സെക്രട്ടറി - 1, അക്കൗണ്ട്സ് ഓഫീസർ - 1, പ്രോജക്ട് ഓഫീസർ - 1, വിദ്യാഭ്യാസ വിചക്ഷണൻ – 1).<br>താത്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർ - 3 (ടൈപ്പിസ്റ്റ് - 1, ഓഫീസ് അറ്റന്റന്റ് - 1, ക്ലർക്ക് കം ടൈപ്പിസ്റ്റ് - 1) |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സുഗമമായ നടത്തിപ്പിനായി രൂപീകൃതമായ കേരള എഡ്യൂക്കേഷൻ മിഷനിൽ 31 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് |

Namitha P

**സെക്ഷൻ ഓഫീസർ**